# ഇതാണ് അയൽക്കൂട്ടവനിതകളുടെ 'എന്റെ കുടുംബശ്രീ'- വീഡിയോകൾ കാണാം

എറണാകുളം കുന്നുകരയിലെ അയൽക്കൂട്ട വനിതകൾക്ക് കുടുംബശ്രീ അവരുടെ കൂട്ടുകാരി, പാലക്കാട് പറളിയിലെ കൃഷ്ണകുമാരിക്ക് ജീവിതത്തിൽ മുന്നേറാൻ തുണയേകിയ പ്രസ്ഥാനം, പ്രവീണയ്ക്ക് കുടുംബശ്രീ തന്റെ ആത്മവിശ്വാസം, ആറന്മുളയിലെ ശോഭയ്ക്ക് സാമൂഹ്യസേവനത്തിനുള്ള ഒരു മാർഗ്ഗം..

കുടുംബശ്രീയുടെ 22ാം വാർഷികത്തോട് അനുബന്ധിച്ച് കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾക്കായി 'എന്റെ കുടുംബശ്രീ' എന്ന പേരിൽ ഓൺലൈനായി രണ്ട് മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് 'Making an Impact' 257ൽ സൂചിപ്പിച്ചിരുന്നുവല്ലോ. എന്റെ കുടുംബശ്രീ എന്ന ആശയം ഉൾക്കൊള്ളുന്ന ലേഖനങ്ങൾ എഴുതാനും വീഡിയോകൾ തയാറാക്കാനുമായിരുന്നു ഈ മത്സരങ്ങൾ. ഈ മത്സരങ്ങൾ എല്ലാ ജില്ലകളിലും നടത്തുകയും ധാരാളം പേർ പങ്കെടുക്കുകയും ചെയ്തു. അങ്ങനെ ലഭിച്ച ചില വീഡിയോകളുടെ ഉള്ളടക്കങ്ങളാണ് ഈ ലേഖനത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ചത്.

എല്ലാ ജില്ലാ മിഷൻ കോർഡിനേറ്റർമാർക്കുമായി 59 വീഡിയോകളാണ് ലഭിച്ചത്. ഈ വീഡിയോകളിൽ നിന്ന് മികച്ച വീഡിയോകൾ തെരഞ്ഞെടുത്ത് അംഗീകാരം നൽകി വരുന്നു. എല്ലാ ജില്ലയിൽ നിന്നും ഏറ്റവും മികച്ച രണ്ട് വീഡിയോകൾ വീതം തെരഞ്ഞെടുത്ത് കുടുംബശ്രീ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി ജില്ലകൾ അയച്ച് നൽകിത്തുടങ്ങിയിട്ടുണ്ട്. എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, പത്തനംതിട്ട, തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ നിന്ന് ലഭിച്ച വീഡിയോകൾ http://www.kudumbashree.org/pages/869# എന്ന പേജിൽ നൽകിയിട്ടുണ്ട്.

ശേഷിച്ച വീഡിയോകളും ഇതേ പേജിൽ തന്നെ ലഭിക്കുന്ന മുറയ്ക്ക് അപ്‌ലോഡ് ചെയ്യും.

കുടുംബശ്രീയെന്ന പ്രസ്ഥാനം ഓരോ അയൽക്കൂട്ടാംഗങ്ങൾക്കും എന്താണെന്ന്, അവരുടെ ഹൃദയത്തിൽ നിന്ന് വരുന്ന വാക്കുകൾ ഞങ്ങൾക്ക് ഏറെ പ്രചോദനമേകുന്നു. സമൂഹത്തിലേക്ക് ഇറങ്ങാനും സേവനങ്ങൾ ചെയ്യാനും തലയുയർത്തി നിൽക്കാനും കുടുംബത്തിനും നാടിനും എല്ലാം തുണയാകാൻ പ്രാപ്തി നേടാനുമൊക്കെ കുടുംബശ്രീ സഹായിച്ചതിനെക്കുറിച്ചുമൊക്കെ അയൽക്കൂട്ടാംഗങ്ങൾ ആവേശത്തോടെ വിവരിക്കുകയാണ് ഈ വീഡിയോകളിൽ. കുടുംബശ്രീയെന്ന പ്രസ്ഥാനത്തിന് ഓരോ അയൽക്കൂട്ടാംഗത്തിന്റെയും മനസ്സിലുള്ള സ്ഥാനം മനസ്സിലാക്കി തരുന്ന ഈ വീഡിയോകൾ കാണാനായി ഓരോരുത്തരെയും ഞാൻ വീണ്ടും ക്ഷണിക്കുന്നു.